**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3761** **15-07-2022 - ൽ മറുപടിയ്ക്ക്**

**ഇ-ഗവേണൻസ് സർവ്വീസ് ഡെലിവറിയിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ സേവനങ്ങൾ കൂടുതൽ മെച്ചപ്പെട്ട നിലയിൽ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വിവര സാങ്കേതികവിദ്യാ സങ്കേതങ്ങളുപയോഗിച്ച് നടത്തി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | സംസ്ഥാന സർക്കാർ ഓഫീസുകളിലെ ഓൺലൈൻ സേവന സൗകര്യങ്ങൾ നിലവിൽ മികച്ച രീതിയിലാണ് പ്രവർത്തിച്ചുവരുന്നത്. പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടറിയേറ്റിൽ, എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു പുറമേ 14 കളക്ടേറ്റുകളിലും, 120 ൽ അധികം ഡയറക്ടറേറ്റുകളിലും/കമ്മീഷണറേറ്റുകളിലും/മറ്റു സർക്കാർ സ്ഥാപനങ്ങളിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. പൊതുഭരണരംഗത്ത് സുതാര്യതയും കാര്യക്ഷമതയും ഉറപ്പ് വരുത്തുന്നതിനു വേണ്ടി വിവിധ സർക്കാർ വകുപ്പുകളിൽ ഇ-സംഭരണം ഏർപ്പെടുത്തുന്നതിനുള്ള ഇ-പ്രൊക്യൂർമെന്റ് പദ്ധതിയും നടപ്പിൽ വരുത്തിയിട്ടുണ്ട്.<br><br>സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിന്റെ പുരോഗതി ചീഫ് സെക്രട്ടറി തലത്തിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ വിലയിരുത്തുകയും വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. |
| (ബി) | കേന്ദ്ര സർക്കാരിന്റെ ഭരണപരിഷ്കാര-പൊതു പരാതി വകുപ്പ് സമർപ്പിച്ച നാഷണൽ ഇ-ഗവേണൻസ് സർവ്വീസ് ഡെലിവറി അസ്സെസ്മെന്റ് പ്രകാരം കേരളത്തിന്റെ സ്ഥാനം ഒന്നാമതാകുന്നതിന് ഇടയാക്കിയ ഘടകങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് അഡ്മിനിസ്ട്രേറ്റീവ് റീഫോംസ് ആൻഡ് പബ്ലിക് ഗ്രീവൻസെസ് നടത്തിയ പഠന പ്രകാരം (നാഷണൽ ഇ-ഗവെർണൻസ് സർവീസ് ഡെലിവറി അസ്സെസ്സ്മെൻറ്) 2021-ൽ ഇ-ഗവെർണൻസ് പ്രദാനം ചെയ്യുന്നതിൽ കേരള സംസ്ഥാന പോർട്ടൽ ഒന്നാം സ്ഥാനത്ത് എത്തിയിരുന്നു. ഈ പഠനം പ്രധാനമായും സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിവയെ ഇ-ഗവേണൻസ് സേവന വിതരണത്തിന്റെ ഫലപ്രാപ്തിയുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ വിലയിരുത്തുന്നു. വിവരങ്ങളിലേക്കും സേവന ലിങ്കുകളിലേക്കും ഏകജാലക പ്രവേശനം നൽകുന്ന രീതി, പ്രവേശനക്ഷമത, ഉള്ളടക്ക ലഭ്യത, ഉപയോഗിക്കുവാനുള്ള സൗകര്യം, വിവര സുരക്ഷയും സ്വകാര്യതയും എന്നിങ്ങനെയുള്ള മാനദണ്ഡങ്ങൾ വിലയിരുത്തിയാണ് ഇ -സേവനം പോർട്ടലിന് ഒന്നാം സ്ഥാനം നൽകിയിട്ടുള്ളത് . |
| (സി) | ഏതെല്ലാം വകുപ്പുകളിലെ എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത റിപ്പോർട്ട് പരിഗണനയ്ക്ക് എടുത്തത്; | (സി) | കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെൻറ് ഓഫ് അഡ്മിനിസ്ട്രേറ്റീവ് റീഫോംസ് ആൻഡ് പബ്ലിക് ഗ്രീവൻസെസ് നടത്തിയ പഠന പ്രകാരം (നാഷണൽ ഇ-ഗവേർണൻസ് സർവീസ് ഡെലിവറി അസ്സെസ്സ്മെൻറ്) 2021-ൽ ഇ-ഗവേർണൻസ് പ്രദാനം ചെയ്യുന്നതിൽ കേരള സംസ്ഥാന പോർട്ടൽ ഒന്നാം സ്ഥാനത്ത് എത്തിയിരുന്നു. ഈ പഠനം പ്രധാനമായും സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിവയെ ഇ-ഗവേണൻസ് സേവന വിതരണത്തിന്റെ ഫലപ്രാപ്തിയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു. വിവരങ്ങളിലേക്കും സേവന ലിങ്കുകളിലേക്കും ഏകജാലക പ്രവേശനം നൽകുന്ന രീതി, പ്രവേശനക്ഷമത, ഉള്ളടക്ക ലഭ്യത, ഉപയോഗിക്കുവാനുള്ള സൗകര്യം, വിവര സുരക്ഷയും സ്വകാര്യതയും എന്നിങ്ങനെയുള്ള മാനദണ്ഡങ്ങൾ വിലയിരുത്തിയാണ് ഇ -സേവനം പോർട്ടലിന് ഒന്നാം സ്ഥാനം നൽകിയിട്ടുള്ളത് . |
| (ഡി) | സംസ്ഥാനത്ത് ഇ-ഗവേണൻസ് പ്രവൃത്തികൾ കൂടുതൽ തലങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വെളിപ്പെടുത്തുമോ? | (ഡി) | സർക്കാരിന്റെ 72 വകുപ്പുകളുടെ 830 ഓളം സേവനങ്ങൾ വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി പൊതുജനങ്ങൾക്ക് നൽകി വരുന്നുണ്ട്. സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിന്റെ പുരോഗതി ചീഫ് സെക്രട്ടറി തലത്തിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ വിലയിരുത്തുകയും വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. ഇ-സേവനം പോർട്ടലിൽ കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്തേണ്ടത് ആവശ്യമായി വരുന്ന പക്ഷം ആയവ പോർട്ടലിൽ ഉൾപ്പെടുത്താൻ കഴിയുന്നതാണ്. വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഒറ്റ ലോഗിനിൽ നിന്ന് അക്സസ് ചെയ്യുന്നതിനായി ഇ-സേവനം പോർട്ടലിൽ സിംഗിൾ സൈൻ-ഓൺ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>വിവിധ സർക്കാർ വകുപ്പുകളിൽ നിന്നുള്ള സേവനങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ഏകീകൃത പൗര സേവന വിതരണ പ്ലാറ്റ്ഫോം നിർമ്മിക്കുവാൻ തീരുമാനമെടുക്കുകയും eGov ഫൗണ്ടേഷൻ വികസിപ്പിച്ച "ഡിജിറ്റ്" പ്ലാറ്റ്ഫോം ആവശ്യാനുസരണം ഭേദഗതി വരുത്തി ഉപയോഗിക്കുന്നതിന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ